LIBRARY ARCHIVES Kerala Legislative Assembly

ഗുരുവായൂർ ദേവസ്വം - കൃഷ്ണനാട്ടം പഠിതാക്കളുടെ സ്കൂൾ വിദ്യാഭ്യാസം

137 (4423) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വം വക കൃഷ്ണനാട്ടം കളരിയിൽ, വേഷം, പാട്ട്, മദ്ദളം, ചുട്ടി തുടങ്ങിയ വിഭാഗങ്ങളിൽ ചേരുന്നതിനുള്ള കുട്ടികളുടെ പ്രായപരിധി എത്രയാണെന്നു വിശദീകരിക്കുമോ;

(ബി) കൃഷ്ണനാട്ടം പഠനത്തോടൊപ്പം കുട്ടികൾക്ക് പ്രാഥമികവിദ്യാഭ്യാസം ലഭിക്കുന്നതിന് ദേവസ്വം സാഹചര്യമൊരുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസാവകാശനിയമം 2009 പ്രകാരം, കൃഷ്ണനാട്ടം കളരിയിൽ പ്രവേശനം ലഭിക്കുന്ന പഠിതാക്കൾക്ക് സൗജന്യവും നിർബ്ബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പുനൽകുന്നതിന് ദേവസ്വം നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നു വിശദമാക്കുമോ;

(ഡി) ഇല്ലെങ്കിൽ, ഗുരുവായൂർ ദേവസ്വം വക സ്കൂളുകളുമായി ബന്ധപ്പെടുത്തി പ്രാഥമിക വിദ്യാഭ്യാസം നൽകാനാവശ്യമായ ക്രമീകരണം ഉറപ്പുവരുത്തുമോ?

ഉത്തരം

(എ) കൃഷ്ണനാട്ടം പാട്ട് വിഭാഗത്തിലെ കുട്ടികൾക്ക് 7 മുതൽ 10 വയസ്സുവരെയും മദ്ദളം, ചുട്ടി വിഭാഗം കുട്ടികൾക്ക് 12 മുതൽ 15 വയസ്സ് വരെയുമാണ് പ്രായപരിധി.

(ബി) ഇല്ല.

(സി & ഡി) കൃഷ്ണനാട്ടം ട്രെയിനികൾക്ക് ഔപചാരിക വിദ്യാഭ്യാസം കൂടി നടത്തുന്നത് സംബന്ധിച്ച വിഷയം ദേവസ്വത്തിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ ദേവസ്വത്തിന് നിർദ്ദേശം നൽകുന്നുണ്ട്.

ശബരിമലയിൽ അന്നദാനം നടത്തുന്നതിന് ഫീസ്

138 (4424) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡല മകര വിളക്ക് കാലത്ത് ശബരിമലയിൽ അന്നദാനം നടത്തുന്ന അന്യസംസ്ഥാനക്കാരായ അയ്യപ്പ ഭക്തന്മാർ ദിവസംപ്രതി 10,000/- (പതിനായിരം

LIBRARY ARCHIVES Kerala Legislative Assembly

രൂപ) ദേവസ്വം ബോർഡിന് നൽകണമെന്നും കേരളീയരാണ് അന്നദാനത്തിന് തയ്യാറായി വരുന്നതെങ്കിൽ ഫീസ് നൽകേണ്ടായെന്നുമുള്ള ദേവസ്വം ബോർഡിന്റെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബോർഡിന്റെ ഈ തീരുമാനം പിൻവലിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ശബരിമലയിലെ പ്രത്യേകതകൾ കൊണ്ടും നിയന്ത്രണാതീതമായ തോതിൽ ഭക്തരുടെ ബാഹുല്യമുള്ളതുകൊണ്ടും ഏകീകൃത സംവിധാനം വഴി അന്നദാനം പ്രായോഗികമല്ലെന്ന് മനസ്സിലാക്കി ബോർഡിന്റെ ഈ തീരുമാനം പിൻവലിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബോർഡ് തീരുമാനത്തിനെതിരെ ശ്രീപമ്പ വിഘ്നേശ്വര സദ്യാലയ കമ്മിറ്റി ഒരു കേസ് (ഡബ്ല്യു.പി.സി. നം.നമ്പർ 31121/14) ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഫീസ് ഈടാക്കുന്നത് ഹൈക്കോടതി സ്റ്റേ ചെയ്തതായി അറിയുന്നു. കോടതി വിധിയുടെ പകർപ്പ് ലഭിച്ചിട്ടില്ല.

(സി) ശബരിമല ഉത്സവത്തോടനുബന്ധിച്ച് ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ അന്നദാനം നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ട് വ്യക്തികളുടെയും സന്നദ്ധ സംഘടനകളുടെയും പേരിൽ നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ട്. അപേക്ഷകരിൽ കേരളത്തിന് പുറത്തുനിന്നുള്ളവരും അകത്തുനിന്നുള്ളവരും ഉൾപ്പെടുന്നു. ലക്ഷക്കണക്കിന് ഭക്തജനങ്ങൾ ദിനംപ്രതി വന്നുകൊണ്ടിരിക്കുന്ന ശബരിമലയിൽ ഇത്തരത്തിലുള്ള അന്നദാനങ്ങൾ നടത്തുന്നത് ഒരു മഹനീയ കൃത്യമാണ് എന്ന വസ്തുത നിലനിൽക്കെത്തന്നെ ഈ മഹത് കർമ്മത്തിന്റെ മറവിൽ വ്യാപകമായ രീതിയിൽ ഭക്തജനങ്ങളെ ചൂഷണം ചെയ്യപ്പെടുന്നതായി ദേവസ്വം ബോർഡിന് നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രത്യേകിച്ചും അന്യസംസ്ഥാനങ്ങളിൽ ശബരിമല അന്നദാനത്തിന്റെ പേരിൽ നിരവധി ട്രസ്റ്റുകൾ രൂപീകരിച്ചും, വ്യക്തികൾ നേരിട്ടും പണപ്പിരിവുകൾ നടത്തുന്നതായും അത്തരത്തിൽ സമാഹരിക്കുന്ന തുകയിൽനിന്നും വളരെ കുറച്ച് മാത്രം അന്നദാനത്തിനായി വിനിയോഗിക്കുകയും ബാക്കിപ്പണം ദുരുപയോഗം ചെയ്യുന്നതായും ഇത്തരത്തിലുള്ള ധനസമാഹരണത്തിന് പരസ്യങ്ങൾ നൽകുന്ന സാഹചര്യങ്ങൾ വരെ ഉണ്ടായിട്ടുള്ളതായി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങൾ കൊണ്ടുതന്നെ ശബരിമലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള സ്ഥാപനങ്ങൾക്കും ട്രസ്റ്റുകൾക്കും അന്നദാനം

നടത്തുന്നതിന് ഒരു നിയന്ത്രണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ നിബന്ധനകളിൽ ഒന്നാണ് ഈ നിശ്ചിത ഇക ഫീസായി ഈടാക്കുക എന്നത്. ടി ഇക ശബരിമല അന്നദാന ഫണ്ടിൽ നിക്ഷേപിക്കുക എന്നുള്ള സദുദ്ദേശത്തോടുകൂടിയാണ് ചെയ്തിട്ടുള്ളതെന്നും ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മണ്ഡല-മകര വിളക്ക് കാലയളവിൽ ശബരിമല, പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിൽ ദേവസ്വം ബോർഡ് നേരിട്ട് മുന്നേറവും അന്നദാനം നടത്തുന്നുണ്ട്. അന്നദാനം നടത്തുന്നതിന് ഫീസ് ഈടാക്കുന്നത് കോടതി തടഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ മേൽ നടപടി ആവശ്യമില്ല.

പറമ്പിക്കുളം-ആളിയാർ കരാർ

139 (T*4425) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം 2012, 2013 വർഷങ്ങളിൽ തമിഴ്നാട്ടിൽനിന്നും കേരളത്തിന് ലഭിക്കുവാൻ അർഹതയുള്ള ജലം കൃത്യതലായി ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) തമിഴ്നാടിന്റെ ഭാഗത്തുനിന്നുള്ള കരാർ ലംഘനംമൂലം കേരളത്തിന് കുടിവെള്ളം, ജലസേചനം, വൈദ്യുതി എന്നീ മേഖലകളിലുണ്ടായിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എത്രയാണെന്ന് അറിയിക്കാമോ;

(സി) നഷ്ടപരിഹാരത്തിനുള്ള സാദ്ധ്യതകൾ സർക്കാർ തേടിയിട്ടുണ്ടോ;

(ഡി) കരാർ കാലാനുസൃതമായി പുതുക്കുന്നതിനും സംസ്ഥാനത്തിന് അർഹമായ വിഹിതം നേടിയെടുക്കുന്നതിനും ആവശ്യമായ നിയമനടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ - സി) സംസ്ഥാന സർക്കാരിന്റെയും ജലസേചന വകുപ്പിന്റെയും സമയോചിതവും ശക്തവുമായ ഇടപെടലുകളിലൂടെ പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. എന്നാൽ 2012-2013 ജലവർഷത്തിൽ കരാർ പ്രകാരം അർഹതപ്പെട്ട ജലവിഹിതം കേരളത്തിന് പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്ന് ലഭിച്ചിട്ടില്ല. തമിഴ്നാടിന്റെ കരാർ വ്യവസ്ഥ ലംഘനങ്ങൾക്കെതിരെ കേരളം ബഹു. സുപ്രീം കോടതിയിൽ അസ്സൽ അന്യായവും ഒരു ഇടക്കാല ഹർജിയും ഫയൽ ചെയ്തിട്ടുണ്ട്. ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഹർജിയിൽ, തമിഴ്നാടിന്റെ ഭാഗത്തുനിന്നുള്ള കരാർ ലംഘനംമൂലം വിവിധ

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly